# പതിനഞ്ചാം കേരള നിയമസഭ

## യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023–26)

## ഏഴാമത് റിപ്പോർട്ട്

**(2025 സെപ്റ്റംബർ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019–21)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023–26)

# ഏഴാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി
(2019-21)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | v |
| ആമുഖം | vii |
| റിപ്പോർട്ട് | 1 |

## സമിതിയുടെ ഘടന

**അധ്യക്ഷൻ**

ശ്രീ. കെ.വി. സുമേഷ്, എം.എൽ.എ.

**അംഗങ്ങൾ**

ശ്രീ. കെ. ആൻസലൻ, എം.എൽ.എ
ശ്രീ. എം.എസ്. അരുൺകുമാർ, എം.എൽ.എ.
ശ്രീമതി സി.കെ. ആശ, എം.എൽ.എ.
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, എം.എൽ.എ.*
ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.
ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.
ശ്രീ. കെ. എം. സച്ചിൻ ദേവ്, എം.എൽ.എ.
ശ്രീ. എം. വിജിൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ കൃഷ്ണ കുമാർ, സെക്രട്ടറി
ശ്രീമതി ജയശ്രീ.എം, ജോയിന്റ് സെക്രട്ടറി
ശ്രീമതി സിന്ധു റ്റി.ജി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ഷീജ പി. കെ, അണ്ടർ സെക്രട്ടറി

* 06.01.2025-ലെ ബുള്ളറ്റിൻ നമ്പർ 586 പ്രകാരം സമിതി പുനഃസംഘടിപ്പിക്കുകയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ-യ്ക്ക് പകരമായി ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, എം.എൽ.എ-യെ സമിതി അംഗമായി ഉൾപ്പെടുത്തുകയും ചെയ്തു.

## ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി(2023-26)യുടെ അധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ *ഏഴാമത്* റിപ്പോർട്ട് സമർപ്പിക്കുന്നു.

സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ളതും യുവജനങ്ങൾക്ക് ഹരമായി മാറിക്കൊണ്ടിരിക്കുന്നതുമായ സാഹചര്യത്തിൽ വിനോദസഞ്ചാരത്തിന്റെ നിലവാരവും പ്രവർത്തനങ്ങളും മികവുറ്റതാക്കുന്നതിന് സംസ്ഥാനത്ത് ഒരു സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമിയുടെ അനിവാര്യത സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ വിളപ്പിൽശാല വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശാസ്താംപാറയിൽ പ്രസ്തുത അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയ സമിതി (2019-21)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 31.07.2023, 27.09.2024 എന്നീ തീയതികളിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2025 സെപ്റ്റംബർ മാസം 09-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശ്രീ. കെ. വി. സുമേഷ്**

*അധ്യക്ഷൻ*

*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി*

തിരുവനന്തപുരം

19.09.2025

## റിപ്പോർട്ട്

തൊഴിൽ രംഗത്തും സാമ്പത്തിക രംഗത്തും വിവിധ മാറ്റങ്ങൾ കൊണ്ടുവരാൻ പര്യാപ്തമാകുന്ന ഒരു മേഖലയായി സാഹസിക വിനോദസഞ്ചാരം രൂപപ്പെട്ട് വരികയും അത് കൂടുതൽ ജനകീയമായി മാറുകയും ചെയ്ത സാഹചര്യത്തിൽ യുവജനങ്ങൾക്ക് ഏറെ പ്രയോജനകരമാകുന്ന തരത്തിൽ സംസ്ഥാനത്ത് ഒരു സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-21) പഠനം നടത്താൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി, പരിശീലനം, സുരക്ഷാസൗകര്യങ്ങൾ, വിനോദ സാദ്ധ്യതകൾ, ആരോഗ്യ-ശുചിത്വപരമായ കാര്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച് വിശദമായ പഠനവും ചർച്ചകളും നടത്തുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരത്തെ വിളപ്പിൽശാല വില്ലേജിൽ സ്ഥിതിചെയ്യുന്ന ശാസ്താംപാറ സമിതി സന്ദർശിക്കുകയും അവിടെ പ്രസ്തുത അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ശിപാർശകളും നിർദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് തയ്യാറാക്കി സമിതി (2019-21)-യുടെ ഏഴാമത് റിപ്പോർട്ടായി 2021 ജനുവരി 12-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 5, 6, 7, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22 എന്നിവയിൽ ആകെ 16 ശിപാർശകൾ/നിർദേശങ്ങൾ ആണ് ഉണ്ടായിരുന്നത്.

പ്രസ്തുത ശിപാർശകൾ/നിർദേശങ്ങളിന്മേലുള്ള സർക്കാർ റിപ്പോർട്ടിനായി പ്രസ്തുത റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പ് 19.02.2021-ലെ കത്ത് മുഖേന കായികയുവജനകാര്യം, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 5, 6, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22 എന്നിവയിലെ ശിപാർശകൾ/നിർദേശങ്ങളിന്മേലുള്ള റിപ്പോർട്ട് വിനോദസഞ്ചാര (സി) വകുപ്പ് 02.08.2022-ലെ കത്ത് മുഖേനയും, ഖണ്ഡിക 7-ലെ ശിപാർശയിന്മേലുള്ള റിപ്പോർട്ട് കായികയുവജനകാര്യ (ബി) വകുപ്പ് 17.09.2022-ലെ കത്ത് മുഖേനയും, ഖണ്ഡിക നം. 17-ലെ ശിപാർശ സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ് 26.06.2024-ലെ കത്ത് മുഖേനയും റിപ്പോർട്ട് ലഭ്യമാക്കുകയും വിനോദസഞ്ചാര (സി), കായികയുവജനകാര്യ (ബി) എന്നീ വകുപ്പുകളുടെ റിപ്പോർട്ടുകൾ 31.07.2023-ലെ സമിതി യോഗവും, ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ റിപ്പോർട്ട് 27.09.2024-ലെ സമിതിയോഗവും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2019-21)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ/ നിർദേശങ്ങൾ, അവയിന്മേൽ മേല്പറഞ്ഞ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ എന്നിവ ചുവടെ ചേർക്കുന്നു.

**ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ.**

**ഖണ്ഡിക നം. 5-ലെ ശിപാർശ**

അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റീസ് നടത്തുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കണമെന്നും അവ സംഘടിപ്പിക്കുന്നവർ സർക്കാരിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് നിഷ്കർഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് സർക്കാർ മാർഗനിർദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ നടപടികളെല്ലാം പാലിച്ചിട്ടുണ്ടോ എന്ന് വിദഗ്ധ സംഘം സന്ദർശിച്ച് പരിശോധന നടത്തണമെന്നും അതിന് ശേഷം മാത്രമായിരിക്കണം രജിസ്ട്രേഷൻ നൽകുന്നതെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**<u>വിനോദസഞ്ചാര (സി) വകുപ്പ്</u>**

കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ ആക്ടിവിറ്റികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് "Adventure Tourism Safety and Security Guidelines" എന്ന പേരിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഖണ്ഡിക നം. 6-ലെ ശിപാർശ**

സംസ്ഥാനത്തെ വിനോദ സഞ്ചാരികൾക്ക് മാർഗനിർദേശം നൽകുന്ന വിനോദ സഞ്ചാര വകുപ്പിൻകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം പ്രകാരം പ്രൊമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.)-ന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**<u>വിനോദസഞ്ചാര (സി) വകുപ്പ്</u>**

സമിതിയുടെ ശിപാർശ പ്രകാരം ഡി.ടി.പി.സി.കളുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

**ഖണ്ഡിക നം. 7-ലെ ശിപാർശ**

യുവജന ബോർഡിന്റെ ട്രെയിനിംഗ് സ്ഥാപനങ്ങളുടെ അടിസ്ഥാന

സൗകര്യ വികസനത്തിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**<u>കായികയുവജനകാര്യ (ബി) വകുപ്പ്</u>**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാദമി ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ഹാബിറ്റാറ്റ് പണിത ഒരു കെട്ടിടത്തിലാണ്. ഈ കോമ്പൗണ്ടിൽ തന്നെയുള്ള കാലപ്പഴക്കം ചെന്ന ഒരു സ്കൂൾ കെട്ടിടം ഡോർമെട്രിയായും ഉപയോഗിക്കുന്നുണ്ട്. യുവജനക്ഷേമ ബോർഡ് ഭരണസമിതി ദേവികുളത്തെ ദേശീയ സാഹസിക അക്കാദമിയുടെ പ്രവർത്തനം വിലയിരുത്തുകയും ആയത് ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി യുവജനങ്ങൾക്കായി പരിശീലന പരിപാടികളും, തൊഴിൽ ലഭ്യതയുൾപ്പെടെ ഉറപ്പാക്കി അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ പ്രാരംഭ നടപടിയായി അക്കാദമി പ്രവർത്തിക്കുന്ന മന്ദിരം അത്യാധുനിക സൗകര്യങ്ങളോടുകൂടി പുനർനിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ദേവികുളം അഡ്വഞ്ചർ അക്കാദമിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രപവർത്തനം നടത്തുന്നതിനായി ഭരണാനുമതി നൽകി KEL- നെ പ്രസ്തുത പദ്ധതിയുടെ പി.എം.സി.യായി ചുമതലപ്പെടുത്തി. എന്നാൽ KEL യഥാസമയം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിയിൽ നിന്നും KEL പിന്മാറിയതായി കണക്കാക്കുകയും തുടർന്ന് ദേവികുളം അഡ്വഞ്ചർ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള നിർവഹണ ഏജൻസി ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനം സമർപ്പിച്ചിട്ടുള്ള 9,63,84,416/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 'ദേവികുളം ദേശീയ സാഹസിക അക്കാദമി മന്ദിര നിർമാണം' എന്ന പദ്ധതിക്ക് ഭരണാനുമതിയും നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി 2.25 കോടി രൂപ ചെലവഴിക്കാൻ അനുമതിയും നൽകി സ.ഉ(സാധാ) നം. 189/2022/കായുവ. തീയതി 13.7.2022 പ്രകാരം ഉത്തരവായിട്ടുണ്ട്.

നാഷണൽ അഡ്വഞ്ചർ അക്കാദമിയുടെ ഒരു ഉപകേന്ദ്രം കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ പ്രവർത്തിക്കുന്നുണ്ട്. 2002-ൽ ആരംഭിച്ച ഈ അക്കാദമിയിലൂടെ നിരവധി സാഹസിക പ്രവർത്തനങ്ങളും ട്രെയിനിംഗുകളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അഡ്വഞ്ചർ അക്കാദമി മന്ദിരത്തിൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തി നിലവിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന വിവരം കൂടി അറിയിക്കുന്നു.

**ഖണ്ഡിക നം. 10-ലെ ശിപാർശ**

മഴക്കാലങ്ങളിൽ പാറക്കെട്ടുകളിൽ പായൽ ഉണ്ടാകുന്നതിനാൽ ആ സമയത്ത് റോക്ക് ക്ലൈമ്പിംഗും റാപ്പെലിംഗും വളരെ അപകടകരമാണ്. അതിനാൽ സുരക്ഷയെ മുൻനിർത്തി ഇവിടെ കൈവരികൾ നിർമ്മിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**വിനോദസഞ്ചാര (സി) വകുപ്പ്**

ശാസ്താംപാറയിൽ വരുന്ന സഞ്ചാരികളുടെ സുരക്ഷയ്ക്കായി കൈവരികൾ നിർമ്മിച്ചുകഴിഞ്ഞു.

**ഖണ്ഡിക നം. 11-ലെ നിർദേശം**

കേബിൾ കാർ സംവിധാനം, പ്രയമായവർക്കും കുട്ടികൾക്കും വിനോദത്തോടൊപ്പം പാറയുടെ മുകളിലെത്തിച്ചേരുന്നതിനുള്ള എളുപ്പമാർഗവും ആണ്. ഇതു കൂടാതെ പൊതുവെ എല്ലാ ഭൂപ്രകൃതിക്കും അനുയോജ്യമായ സാഹസിക വിനോദങ്ങളായ പെയിന്റ് ബാൾ, ഷൂട്ടിംഗ്, ആർച്ചറി റേഞ്ച്, കൈറ്റ് ഫ്ലൈയിംഗ്, ഹ്യൂമൻ ഗൈറോ തുടങ്ങിയ നിരവധി വിനോദങ്ങളും ശാസ്താംപാറയിൽ സംഘടിപ്പിക്കണമെന്നും ഇവിടെ റോപ്‌വേ നിർമ്മിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് ആകർഷിക്കണമെന്നും സമിതി നിർദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**വിനോദസഞ്ചാര (സി) വകുപ്പ്**

ശാസ്താംപാറയിൽ സ്ഥാപിക്കുന്ന അഡ്വഞ്ചർ ടൂറിസം അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങളിൽ റോക്ക് ക്ലൈംബിങ്, ഹൈ റോപ്പ് കോഴ്സസ്, സിപ് ലൈൻ, സ്കൈ സൈക്ലിംഗ്, പെയിന്റ് ബാൾ, ഷൂട്ടിംഗ് ആർച്ചറി റേഞ്ച്, കൈറ്റ് ഫ്ലയിങ് എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഖണ്ഡിക നം. 12-ലെ ശിപാർശ**

ശാസ്താംപാറയിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ നിലവിലില്ലാത്തതിനാൽ പാറയുടെ മുകളിൽ ഭക്ഷണവും കുടിവെള്ളവും ലഭ്യമാക്കുന്നതിനായി ഭക്ഷണശാലകളും ശുചിമുറികളും നിർമ്മിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**വിനോദസഞ്ചാര (സി) വകുപ്പ്**

വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ശാസ്താംപാറയിൽ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുകയുണ്ടായി. മനോഹരമായ കമാനം, ലഘു ഭക്ഷണശാല, ശുചിമുറികൾ, കുട്ടികൾക്കുള്ള പാർക്ക് എന്നിവ സ്ഥാപിച്ചു.

**ഖണ്ഡിക നം. 13-ലെ നിർദേശം**

ശാസ്താംപാറയ്ക്ക് അഭിമുഖമായാണ് കടമ്പുപാറ നിലനിൽക്കുന്നതെന്നതിനാൽ ഈ രണ്ടു പ്രദേശങ്ങളെയും ഉൾപ്പെടുത്തി കേബിൾ കാർ, ബർമാലൂപ്പ്, ബർമാ ബ്രിഡ്ജ് തുടങ്ങിയ റോപ്പ് ആക്ടിവിറ്റീസ് നടത്തുവാൻ കഴിയുന്നതാണ്. അതിനാൽ കടമ്പുപാറയെയും ശാസ്താംപാറയെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംയുക്ത വിനോദസഞ്ചാര പദ്ധതി സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**വിനോദസഞ്ചാര (സി) വകുപ്പ്**

ശാസ്താംപാറ, കടമ്പുപാറ എന്നീ രണ്ടു പ്രദേശങ്ങളെയും ഉൾപ്പെടുത്തി കേബിൾ കാർ, ബർമാ ബ്രിഡ്ജ്, ബർമാലൂപ്പ് തുടങ്ങിയ റോപ്പ് ആക്ടിവിറ്റീസ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഖണ്ഡിക നം. 14-ലെ ശിപാർശ**

പരിശീലകർക്കും പരിശീലിക്കുന്നവർക്കും ആവശ്യമായ ഹോസ്റ്റൽ/ഡോർമിറ്ററി സൗകര്യങ്ങൾ പരിശീലനകേന്ദ്രത്തോടൊപ്പം സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

### <u>വിനോദസഞ്ചാര (സി) വകുപ്പ്</u>

സമിതിയുടെ ശിപാർശയിൽ പരാമർശിക്കുന്നതിന് സമാനമായി പരിശീലന കേന്ദ്രത്തിൽ താഴെ പറയുന്ന പ്രകാരമുള്ള താമസ സൗകര്യം ഒരുക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

താമസ സൗകര്യങ്ങൾ (ഒരു സമയം ആകെ 57 പേർ)

- ഇരട്ട മുറികളുള്ള കോട്ടേജ് (ബാത്ത് ഘടിപ്പിച്ചവ) 1 എണ്ണം
- സിംഗിൾ റൂം ഉള്ള കോട്ടേജ് (ബാത്ത് ഘടിപ്പിച്ചവ) 3 എണ്ണം
- കിടക്കകളുള്ള ഹോസ്റ്റൽ മുറി 15 എണ്ണം
- ഇരട്ട ബെഡ് കൂടാരങ്ങൾ (പോർട്ടബിൾ) 5 എണ്ണം
- ഒറ്റ കിടക്ക കൂടാരങ്ങൾ (പോർട്ടബിൾ) 5 എണ്ണം
- പ്രീമിയം കോട്ടേജ് 1 എണ്ണം

പദ്ധതി റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

### ഖണ്ഡിക നം. 15-ലെ ശിപാർശ

അവധി ദിവസങ്ങളിൽ ടൂർപാക്കേജുകൾ ഉൾപ്പെടുത്തുകയാണെങ്കിൽ ഇവിടത്തെ ടൂറിസം സാധ്യത വർദ്ധിക്കുമെന്നതിനാൽ ടൂർ പാക്കേജുകളിൽ റോക്ക് ക്ലൈമ്പിംഗ്, റാപ്പെല്ലിംഗ്, സ്കൈ സൈക്ലിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളും അവയുടെ ചെറു പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണെന്നും ക്യാംപ് ഫയർ, ടെന്റ് എന്നിവ ഉൾപ്പെടുത്തി ഈ പാക്കേജുകൾ ആകർഷകമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ പാക്കേജിൽ ശാസ്താംപാറ കൂടാതെ ജില്ലയിലെ തന്നെ മറ്റ് ടൂറിസ്റ്റ കേന്ദ്രങ്ങളായ കോവളം, വർക്കല, പൊന്മുടി, അഗസ്ത്യമല, പൂവാർ, നെയ്യാർ തുടങ്ങിയ സ്ഥലങ്ങളെയും ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

### <u>വിനോദസഞ്ചാര (സി) വകുപ്പ്</u>

സാഹസിക ടൂറിസം അക്കാദമിയുടെ സാമ്പത്തിക മാതൃക "സ്വയം പര്യാപ്തത" എന്നതായിരിക്കും. അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി സ്വന്തമായി വരുമാനം കണ്ടെത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൂടിയായി സമിതി

ശിപാർശ ചെയ്തിരിക്കുന്നത് പോലെയുള്ള താഴെ പറയുന്ന ആക്റ്റിവിറ്റികൾ നടപ്പിലാക്കി വരുമാനം ഉണ്ടാക്കാൻ അക്കാദമി പദ്ധതിയിടുന്നു.

1. വ്യത്യസ്ത പരിശീലന കോഴ്സിൽ നിന്നുള്ള ഫീസ്.
2. സമയ നിയന്ത്രണങ്ങളോടെ സാഹസിക പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് നൽകുക.
3. ടീം ബിൽഡിങ് പ്രവർത്തനങ്ങൾക്കായി കോർപ്പറേറ്റ് ഗ്രൂപ്പുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുക.
4. യൂത്ത് ഹോസ്റ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ, എൻ.സി.സി., വിവിധ പ്രതിരോധ സ്ഥാപനങ്ങളുടെ സാഹസിക വിഭാഗം തുടങ്ങിയവയുമായി ബന്ധപ്പെടുകയും അക്കാദമിയിൽ ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്യുക.
5. ഗ്രൂപ്പുകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി അക്കാദമിയിൽ ടെന്റ് ക്യാമ്പുകൾ ഉണ്ടാക്കുക.

**ഖണ്ഡിക നം. 16-ലെ നിർദേശം**

അത്യാധുനിക സൗകര്യങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പരിശീലന സമയത്ത് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് ഇത്തരം സുരക്ഷാ ക്രമീകരണങ്ങളും ഉപകരണങ്ങളും വിദഗ്ധ സംഘം പരിശോധിക്കണമെന്നും കൂടാതെ ഇവ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**<u>വിനോദസഞ്ചാര (സി) വകുപ്പ്</u>**

സമിതിയുടെ ശിപാർശ പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

**ഖണ്ഡിക നം. 17-ലെ ശിപാർശ**

സാഹസിക വിനോദം വളരെ ആയാസമേറിയതായതിനാൽ ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. അതിനാൽ പരിശീലന കേന്ദ്രത്തിൽ ഒരു ഡോക്ടറുടെ സേവനം അത്യന്താപേക്ഷിതമാണ്. ഒപ്പം ഫസ്റ്റ് എയ്ഡുകളും അത്യാവശ്യ മരുന്നുകളും പ്രാഥമിക പരിശോധനാ സൗകര്യങ്ങളോടുകൂടിയ ഒരു ക്ലിനിക്കും നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**<u>വിനോദസഞ്ചാര</u> (സി) വകുപ്പ്**

പരിശോധിച്ചു വരുന്ന പദ്ധതിയിൽ മെഡിക്കൽ റൂം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>ആരോഗ്യ കുടുംബക്ഷേമ</u> (എം) വകുപ്പ്**

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ കീഴിലുള്ള ഒരു പ്രോജക്റ്റ് ആണ് ശാസ്താംപാറ സാഹസിക വിനോദസഞ്ചാര അക്കാദമി. സമിതിയുടെ ശിപാർശ പ്രകാരം അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻചാർജ് എന്നിവരുടെ നേതൃത്വത്തിലെ ടീം ശാസ്താംപാറ ടൂറിസം യൂണിറ്റ് സന്ദർശിച്ച് നിലവിലെ സാഹചര്യങ്ങൾ മനസ്സിലാക്കുകയും വിനോദ സഞ്ചാര പരിശീലന അക്കാദമി ആരംഭിക്കുമ്പോൾ തയ്യാറാക്കേണ്ട ആരോഗ്യ സംവിധാന നടപടികളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ കേരള അഡ്വഞ്ചേഴ്സ് ടൂറിസം പ്രൊമോഷൻ സൊസൈറ്റിയ്ക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ഖണ്ഡിക നം. 18-ലെ ശിപാർശ**

അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമിയിൽ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഹ്രസ്വദീർഘകാല കോഴ്സുകളും അവയുടെ സിലബസും അഡ്വഞ്ചർ ടൂറിസത്തിന് ഒരു അടിസ്ഥാന ഘടനയും രൂപപ്പെടുത്തേണ്ടതാണ്. ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തുമുള്ള സാഹസിക പരിശീലന സർവകലാശാലകളുടെ പ്രവർത്തനം മാതൃകയാക്കി കേരളത്തിന്റെ ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് അവയെ ചിട്ടപ്പെടുത്തി സിലബസ് തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധ സംഘത്തെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**<u>വിനോദസഞ്ചാര</u> (സി) വകുപ്പ്**

കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ളതും പുതിയ ആക്ടിവിറ്റികൾക്ക്

അനുയോജ്യമായിട്ടുമാവും കോഴ്സുകൾ ആരംഭിക്കുക. ഓരോ ആക്ടിവിറ്റികളുടെയും സ്വഭാവത്തിനനുസരിച്ച് അവയുടെ ദൈർഘ്യം ചിട്ടപ്പെടുത്തും. പ്രായോഗിക പരിശീലനത്തിൽ പ്രാമുഖ്യം നൽകുന്നതോടൊപ്പം ഫസ്റ്റ്എയ്ഡ്, സി.പി.ആർ. തുടങ്ങിയ പ്രാഥമിക കോഴ്സുകളും നടപ്പിലാക്കും. കോഴ്സുകൾ തയ്യാറാക്കുന്നതിനായി ഒരു കരിക്കുലം കമ്മിറ്റിയെ ചുമതലപ്പെടുത്തി മറ്റ് അഡ്വഞ്ചർ അക്കാദമിയുമായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കും. കിഴിവിന്റെയും അനുഭവ പരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും ട്രെയിനിംഗ് ഇൻസ്ട്രക്ടർമാരെ നിയമിക്കുക.

**ഖണ്ഡിക നം. 19-ലെ ശിപാർശ**

അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമി നടത്തുന്ന കോഴ്സുകൾക്ക് ഗവ. അംഗീകൃത BIS സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. കോഴ്സുകളുടെ സിലബസ് വിദഗ്ദ്ധ സംഘം രൂപപ്പെടുത്തി പ്രോസ്പെക്ടസിനോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. കോഴ്സ് ആരംഭിക്കുന്നതിന് മുന്നോടിയായി നവമാധ്യമങ്ങൾ വഴി അക്കാദമിയുടെ പ്രവർത്തനങ്ങൾ പരസ്യപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**<u>വിനോദസഞ്ചാര (സി) വകുപ്പ്</u>**

കോഴ്സുകൾ തയ്യാറാക്കുന്നതിനായി ഒരു കരിക്കുലം കമ്മിറ്റിയെ ചുമതലപ്പെടുത്തി മറ്റ് അഡ്വഞ്ചർ അക്കാദമിയുമായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കും.

**ഖണ്ഡിക നം. 20-ലെ ശിപാർശ**

അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമിയിൽ ആരംഭിക്കുന്ന കോഴ്സുകളുടെ സിലബസിൽ വിവിധയിനം സാഹസിക സ്പോർട്സുകൾ പരിചയപ്പെടുത്തുന്നതിനായി തിയറി പേപ്പറുകളും അവയുടെ പ്രാക്ടിക്കൽ സെക്ഷനുകളും ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാശ ചെയ്യുന്നു. കൂടാതെ ജലത്തിലുള്ള സാഹസിക വിനോദങ്ങൾക്കാവശ്യമായ പരിശീലനം സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് വിഴിഞ്ഞം, കോവളം തുടങ്ങിയ ബീച്ചുകൾ, നെയ്യാർ എന്നിവിടങ്ങളിൽ വച്ച് നടത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## <u>വിനോദസഞ്ചാര (സി) വകുപ്പ്</u>

സാഹസിക ടൂറിസം മേഖലയിലെ വിദഗ്ധരുടെ അഭാവം നികത്തുക എന്ന പ്രഥമ ലക്ഷ്യത്തോടുകൂടിയാണ് അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നത്. അനുഭവ പരിചയത്തിനു പ്രാധാന്യം നൽകിയായിരിക്കും പരിശീലനരീതി. കര, ജല, വ്യോമ മേഖലയിലെ വിവിധങ്ങളായ ആക്ടിവിറ്റികൾ വിദഗ്ധരുടെ നേതൃത്വത്തിൽ ഈ അക്കാദമിയിൽ പരിശീലനം നൽകുന്നതാണ്. വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം തന്നെ സാധാരണക്കാർക്കും ഇവിടുത്തെ സൗകര്യങ്ങൾ ഉപയോഗിക്കാൻ പറ്റുന്ന വിധത്തിലായിരിക്കും അക്കാദമിയിലെ ക്രമീകരണങ്ങൾ.

## ഖണ്ഡിക നം. 21-ലെ ശിപാർശ

സാഹസിക പരിശീലകരെ തെരഞ്ഞെടുക്കുന്നതിനായി ഒരു സെലക്ഷൻ നടത്തേണ്ടതും ഏറ്റവും വിദഗ്ധരായ പരിശീലകരെ ഇന്ത്യയിലെ തന്നെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും കണ്ടെത്തി അവരുടെ സേവനം അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമിയുടെ മികച്ച പ്രവർത്തനത്തിനായി ആവശ്യപ്പെടേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## <u>വിനോദസഞ്ചാര (സി) വകുപ്പ്</u>

യോഗ്യതയും അനുഭവ പരിചയവും അടിസ്ഥാനമാക്കിയാണ് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നത്. യോഗ്യതയുള്ള ഏജൻസിയിൽ നിന്നുള്ള ഇൻസ്ട്രക്ടർമാർക്ക് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. കൂടാതെ സെലക്ഷൻ മാനദണ്ഡങ്ങളുടെ പ്രധാന ഘടകം ഇൻസ്ട്രക്ടറുടെ സാഹസിക ടൂറിസം മേഖലയിലെ അനുഭവപരിചയമായിരിക്കും. പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിൽ യോഗ്യതയുള്ള സർക്കാർ/സ്വകാര്യ ഏജൻസികൾക്കും ഏർപ്പെടാം. ടി രീതിയിലുള്ള പദ്ധതി പരിശോധിച്ചു വരുന്നു.

## ഖണ്ഡിക നം. 22-ലെ നിർദേശം

പരിശീലന കേന്ദ്രത്തിൽ സുരക്ഷാ നടപടികളെപ്പറ്റിയുള്ള ക്ലാസുകൾ സംഘടിപ്പിക്കേണ്ടതും പൊതുജനങ്ങളിൽ ഇത് സംബന്ധിച്ച അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുമാണ്. അതിലേക്കായി അക്കാദമിയിൽ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും ആയത് ടൂർ പാക്കേജിനോടൊപ്പം ഉൾപ്പെടുത്തണമെന്നും

സമിതി നിർദേശിക്കുന്നു. ഇതോടൊപ്പം രക്ഷാമാർഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകണമെന്നും ഫസ്റ്റ് എയ്ഡ് നൽകുന്നതിനുള്ള പരിശീലനം നൽകണമെന്നും സമിതി നിർദേശിക്കുന്നു.

**സ്വീകരിച്ച നടപടി**
**വിനോദസഞ്ചാര (സി) വകുപ്പ്**

സമിതിയുടെ ശിപാർശ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

സമിതിയുടെ ശിപാർശകൾ/നിർദേശങ്ങൾക്ക് സർക്കാർ അർഹമായ പരിഗണന നൽകിയതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

സാഹസിക ടൂറിസം അതിവേഗം വളർന്നുകൊണ്ടിരിക്കുകയും അത് യുവജനങ്ങൾക്ക് ഹരമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ സാഹസിക ടൂറിസം ഭൂപടത്തിൽ ശാസ്താംപാറയിലൂടെ കേരളത്തിന് ഗണ്യമായ സ്ഥാനം നേടാൻ കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**ശ്രീ. കെ. വി. സുമേഷ്**
*അധ്യക്ഷൻ*
*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി*

തിരുവനന്തപുരം
09.02.2025